## പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 502 — 01 - 07 - 2014-ലെ മറുപടിക്ക്

### അക്ഷയ കേന്ദ്രങ്ങൾ കാലോചിതമായി വികസിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.പി.കെ. ഗുരുദാസൻ

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ആർ. രാജേഷ്

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ കാലോചിതമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | അക്ഷയ കേന്ദ്രങ്ങളുടെ ഉന്നമനത്തിനായി ഘട്ടം ഘട്ടമായി പല നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br>ഇ -ഡിസ്ട്രിക്ട്, ആധാർ എൻറോൾമെന്റ്, ഇ -ഫയലിംഗ് (വാറ്റ് റിട്ടേൺസ് ഫയലിംഗ്), ഇ-ഗ്രാൻസ്, റേഷൻ കാർഡിനുവേണ്ടിയുള്ള ഓൺലൈൻ അപേക്ഷകൾ, RSBY രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങൾ , ബാങ്കിംഗ് കിയോസ്ക്, KSEB, BSNL, വാട്ടർ അതോറിട്ടി, യൂണിവേഴ്സിറ്റി തുടങ്ങിയവയുടെ പണം അടയ്ക്കുന്നതിനുള്ള സംവിധാനം വെൽഫയർ ബോർഡുകളുടെ അംശാദായം അടയ്ക്കൽ എന്നിവ അതത് വകുപ്പുകളുടെ സഹകരണത്തോടുകൂടി അക്ഷയ കേന്ദ്രങ്ങൾ വഴി നല്കി വരുന്നുണ്ട്.<br>Food Establishment Licensing & Registration അപേക്ഷ, പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ഇ-ചെല്ലാൻ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, VHSE, Water Authority, എന്നിവയുടെ സേവനങ്ങൾ പുതുതായി അക്ഷയ വഴി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ശ്രമം അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അടച്ചു പൂട്ടൽ ഭീഷണിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്ഷയ സംരംഭങ്ങൾക്ക് കേന്ദ്ര - സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ അക്ഷയ കേന്ദ്രങ്ങളെ കോമൺ സർവീസ് സെന്ററുകളായി (CSC) അംഗീകരിക്കുകയും 6 വില്ലേജുകൾക്ക് ഒരു അക്ഷയ കേന്ദ്രം എന്ന നിലയിൽ 227 അക്ഷയ കേന്ദ്രങ്ങൾക്ക് മാസം 3300 രൂപ നിരക്കിൽ നാലു വർഷത്തേക്ക് 3.6 കോടിയുടെ ധനസഹായം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 50% കേന്ദ്ര സർക്കാരും 50% സംസ്ഥാന സർക്കാരും നൽകേണ്ടതാണ്. കേന്ദ്ര സർക്കാർ 90 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ 45 ലക്ഷം രൂപയും ഇതുവരെയായി അക്ഷയയ്ക്ക് നൽകിയിട്ടുണ്ട്.<br><br>കൂടാതെ ഒരു സംരംഭകന് 1000 രൂപ എന്ന നിരക്കിൽ രണ്ടു വർഷമായി സംസ്ഥാന സർക്കാർ ഓണം അലവൻസ് നൽകിവരുന്നുണ്ട്. |
| (സി) | ഇ-ഡിസ്ട്രിക്ട്, ഇ- ഗവേണൻസ് തുടങ്ങിയ പദ്ധതികൾ അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് വേർപെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ ? | (സി) | ഇ-ഡിസ്ട്രിക്ട്, ഇ-ഗവേണൻസ് തുടങ്ങിയ പദ്ധതികൾ അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് വേർപെടുത്തിയിട്ടില്ല. എന്നാൽ ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ